PROGRAMME COMMITTEE
KERALA SCHOOL KALOLSAVAM 2016-17
KANNUR - 2017 JANUARY 16-22
Code No. 204

വിഷയം : ഭൂമിയുടെ വിളികൾ

## ആ നിലവിളികൾക്കുവേണ്ടി കാതോർക്കാം

ഹരിത വസന്തത്താൽ നിറഞ്ഞു നിൽക്കും,
പൂ നിലാവിൻ സൗന്ദര്യം പോൽ,
നിന്റെ നിറ ചാരുതയ്ക്കതിരായ്
മറ്റൊന്നിനും കഴിയുകയില്ലിവിടെ എന്നറിയി-
ല്ലയോ ഭൂമി താൻ മാതാവേ,
എങ്കിലും സോദരി, നീയെന്തിനു
നിന്റെ മിഴിയിണകൾ തുളുമ്പുന്നത്,
നിനക്കെന്തു പറ്റി, ഞങ്ങളാം മർത്ത്യ-
ജന്മത്തെ വഹിക്കുന്നതും നീ തന്നെയല്ലേ,
എന്നിട്ടും നിന്റെ സന്തോഷത്തെ കെടുത്താൻ-
എന്തു ചെയ്തുവെന്നു നീ തന്നെ ചൊല്ലുവിൻ.

ഓ മനുഷ്യജന്മാ, നീ ആരാണ്, കാട്ടാളനോ
മാതൃത്വസ്നേഹം നിനക്കെന്തെന്ന് അറിയില്ലയോ
എങ്കിലും ഒന്നോർക്കുവിൻ, സ്വന്തം-
ഉദരത്തിൽ മാസം നിന്നെ ചുമന്ന ആ
അമ്മയെ നിനക്ക് ഓർമയുണ്ടോ
ആ അമ്മയെ മറക്കാതിരിക്കാൻ
അത് നിനക്ക് കഴിയുമോ, മനുഷ്യാ
ആ അമ്മയെക്കാൾ നീ സ്നേഹിക്കണം,
നീ ബഹുമാനിക്കണം, ഈ മാതാവിനെ.

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ആ ഭൂമിയെ നീ വേദനിപ്പിക്കുന്നതെന്തിന്.
നിന്റെ സുഖത്തിനും, നിന്റെ ദുഃഖത്തിനും
നിന്നോട് ചേർന്നതിന്റെ തെറ്റാണോ
ഒന്നോർക്കുവിൻ, അതിനാണോ ഈ
അമ്മയെ നീ വേദനിപ്പിക്കുന്നത്.
കേൾക്കുന്നില്ലേ, നീ ആ അമ്മയുടെ
നിശ്ചലമാകാത്ത നിലവിളികൾ.
നിനക്കൊന്ന് ശ്രവിച്ചുകൂടെ.

ഓ മനുഷ്യാ, നീയെത്ര നീചനാണ്
സ്വന്തം മാതാവിനെ, മാതൃസ്നേഹത്തെ
മറക്കാൻ നിനക്കെങ്ങനെ കഴിയുന്നു
ഒന്നോർത്തിരുന്നെങ്കിൽ, നിന്റെ സഹോദര-
ങ്ങളായ നദിയും, പുഴയും, കാടുകളും -
നിന്റെ നന്മക്കായ് ഇച്ചോരയും ഒഴുക്കിയെന്ന

നിശ്ചതയിലകപ്പെട്ട ജലാശയങ്ങളിലും
നശീകരിക്കപ്പെട്ട വനങ്ങളിലും
നിന്റെ അമ്മയുടെ നിലവിളികളുണ്ടായിരുന്നു.
ആ കരുണയാർന്ന നിലവിളികൾ
ആ നിലവിളികൾക്കിടയിലും നിന്റെ
ജീവിതത്തെക്കുറിച്ചവൾ വിലപിക്കുകയാണ്.

കേൾക്കുക, ആ അമ്മയുടെ വാക്കുകൾ,
എന്നിട്ട് നീ സംരക്ഷിക്കുക,
മഴുവേന്തി വരുന്ന മനുഷ്യക്കാട്ടാളനിൽനിന്ന്
എന്നിട്ടു നീ പറയുക, ഈ മനുഷ്യനോട്
ഇത് ഞങ്ങളുടെ മാതാവാണ്,

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പിറന്നുവീഴേണ്ട തലമുറയുടെ മാതാവാണ്

കൈകോർക്കാം, നമുക്കൊരുമിക്കാം
ഈ ജീവിതം എന്ന സഫലയാത്രയിൽ
വീണ്ടും ഒഴുകാൻ നദികളോടും
പച്ചിച്ച് നൽകാൻ വനങ്ങളോടും
ചാരുതയേകാൻ വീണ്ടും മൊഴിയുക.

ഞങ്ങൾ വരുന്നു, ഞങ്ങളുടെ മാതാവിനായ്,
ഇനി ഞങ്ങൾ അനുവദിക്കുകയില്ല, ഈ അമ്മയുടെ-
നയനങ്ങളിൽ നിന്ന് ഒരു തുള്ളി കണ്ണുനീർ
ഇനിയും പൊഴിക്കാൻ
കാവൽനിൽക്കാം, ഈ അമ്മക്കായ്
ഞങ്ങൾക്കാവൽ നിൽക്കാം, എങ്കിലേ
ആ കരുത്തുറ്റ നിലവിളികൾ, ഇനിയെങ്കിലും
അത് ശമിപ്പിക്കാൻ കഴിയൂ.